കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം –695003
വെബ്സൈറ്റ്: fibkerala.gov.in,
ഇ–മെയിൽ: fibtvm.agri@kerala.gov.in
editorkkfib@gmail.com
ഫോൺ:0471 –2318186, 2317314

എച്ച് (1) 1002/2022/et1/kk/SN തീയതി: 14/07/2023

# ഇ – ദർഘാസ് നോട്ടീസ്

ഫാം ഇൻഫർമേഷൻ ബ്യൂറോ – കേരളകർഷകൻ മാസിക അച്ചടിക്കുന്നതിനായി അംഗീകൃത പ്രിൻററർമാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ (2 കവർ സംവിധാനത്തിൽ) ഇ-ദർഘാസ് മുഖേന ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ഇ–ദർഘാസ് നമ്പർ | വിവരങ്ങൾ |
|---|---|---|
| 1. | 2023_AGRI_587811_1 | കേരളകർഷകൻ മലയാള മാസിക അച്ചടിച്ച് തിരുവനന്തപുരം RMS ൽ എത്തിച്ച് നൽകുന്നതിന്. |

ദർഘാസ് ഫോറത്തിൻറെ വില – 25000 രൂപ+ GST
നിരതദ്രവ്യം – 5,52,000 രൂപ
ഇ–ദർഘാസ് പ്രസിദ്ധീകരിക്കുന്ന
തീയതിയും സമയവും – 14/07/2023, 5.00 മണി

ഇ–ദർഘാസ് തുറക്കുന്ന
തീയതിയും സമയവും – 19/08/2023, 12.00 മണി

ദർഘാസ് ഡോക്യുമെൻറ് ഫീസും നിരതദ്രവ്യവും SBI യുടെ നെറ്റ് പെയ്മെൻറ് സിസ്റ്റത്തിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന കേരളകർഷകൻ മാസിക അച്ചടിക്കുന്നത് സംബന്ധിച്ച സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ വെവ്വേറെ കവറുകളിൽ നൽകേണ്ടതാണ്. ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചതിൻറെ രസീത് KFC-14, ദർഘാസ് ഫോറത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന മറ്റ് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ടെണ്ടർ തുറക്കുന്നതിന് തീരുമാനിച്ചിരിക്കുന്ന സമയത്തിന് മുമ്പായി കിട്ടത്തക്കവിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം – 695003 എന്ന വിലാസത്തിൽ രജിസ്റ്റേർഡ്/സ്പീഡ് തപാൽ മുഖേന അയയ്ക്കേണ്ടതാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ ഓഫീസ് ഉത്തരവാദി ആയിരിക്കുന്നതല്ല.

## നിബന്ധനകൾ

1. ദർഘാസിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ കേരള സർക്കാരിൻറെ ഔദ്യോഗിക ടെണ്ടർ വെബ്സൈറ്റായ https://etenders.kerala.gov.in – ൽ നിന്നും ലഭിക്കുന്നതാണ്.
2. ടെണ്ടർ ഫോറവും മറ്റ് രേഖകളും സാധുവായ ഡിജിറ്റൽ സിഗ്നേച്ചറിൽ ഒപ്പ് വെച്ച് സർക്കാരിൻറെ ഔദ്യോഗിക ടെണ്ടർ വെബ്സൈറ്റായ https://etenders.kerala.gov.in ൽ കൂടി സമർപ്പിക്കേണ്ടതാണ്.
3. ഔദ്യോഗിക വെബ് പോർട്ടലിൽ ഈ ദർഘാസിനെ പറ്റി പറഞ്ഞിരിക്കുന്ന മാതൃകയിലുള്ള BOQ ഫോം മാത്രമേ ദർഘാസ് നടപടികൾക്കായി ഉപയോഗിക്കുവാൻ പാടുള്ളൂ. അല്ലാത്ത പക്ഷം ദർഘാസ് നിരസിക്കുന്നതായിരിക്കും.

4. നിരതദ്രവ്യം, ദർഘാസ് ഫീസ് എന്നിവ ഓൺലൈൻ വഴി മാത്രമേ അടയ്ക്കുവാൻ പാടുള്ളൂ.

5. ദർഘാസ് സമർപ്പിക്കുന്നവർ 200/- രൂപയുടെ മുദ്രപത്രത്തിൽ കേരള സർക്കാരിൻറെ നിയമാവലി അനുസരിച്ചുള്ള പ്രാഥമിക കരാർ ഉടമ്പടി കൂടി നൽകേണ്ടതാണ്. പ്രാഥമിക കരാർ ഉടമ്പടിയുടെ മാതൃക ദർഘാസ് പരസ്യത്തോടൊപ്പം ലഭ്യമാണ്.

6. ദർഘാസിൽ പരസ്യപ്പെടുത്തിയിരിക്കുന്ന തീയതിയിൽ നിശ്ചിത സമയത്ത് ദർഘാസുകൾ ഓൺലൈനായി https://etenders.kerala.gov.in എന്ന വെബ്സൈറ്റിൽ തുറക്കുന്നതായിരിക്കും.

7. ടെണ്ടർ ലഭിച്ച വ്യക്തി വർക്ക് ഓർഡറിൽ പറഞ്ഞിരിക്കുന്ന പ്രകാരം എല്ലാ മാസവും 27/28 എന്നീ തീയതികളിൽ കേരളകർഷകൻ മാസിക തിരുവനന്തപുരം RMS ൽ എത്തിക്കേണ്ടതാണ്.

8. ഓൺലൈൻ വഴി ടെണ്ടർ സമർപ്പിക്കുന്നതിൽ എന്തെങ്കിലും കാലതാമസമോ മറ്റ് പ്രശ്നങ്ങളോ ഉണ്ടെങ്കിൽ ആയതിന് ടെണ്ടർ ക്ഷണിക്കുന്ന സ്ഥാപനം ഉത്തരവാദി ആയിരിക്കുന്നതല്ല.

9. ഈ നിബന്ധനകൾക്ക് പുറമെ കേരള സർക്കാരിൻറെ സ്റ്റോർ പർച്ചേസ് മാന്വലിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

(ഒപ്പ്)
**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**